## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149 | 15.06.2012ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. ഹൈബി ഈഡൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) നിർഭയ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) നിർഭയ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുളള ലൈംഗിക അതിക്രമങ്ങൾ തടയുക എന്നതാണ് നിർഭയ പദ്ധതിയുടെ പ്രധാനമായ ഉദ്ദേശ്യം. ഇതിനായി താഴെപ്പറയുന്ന മൂന്ന് പ്രധാന മേഖലകളിൽ ഇടപെടലുകൾ നടത്തുവാൻ ലക്ഷ്യമിടുന്നു. നിർഭയ നയം സർക്കാർ അംഗീകരിക്കുകയും നിർഭയയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 3.6.2012 ൽ എറണാകുളത്തുവച്ച് നിർഭയ പദ്ധതിയുടെ ഔപചാരികമായ ആരംഭം കുറിച്ചു.<br><br>1) തടയൽ: പ്രശ്നത്തിന്റെ മൂലകാരണങ്ങൾ കണ്ടെത്തി ചൂഷണ വിധേയരാകാൻ സാധ്യതയുളളവർക്ക് ബോധവൽകരണം നടത്തി പ്രധാന കാരണങ്ങളായ ലിംഗ വിവേചനം, മദ്യപാനം, ഉപഭോഗാസക്തി എന്നിവയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിക്കൽ, ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യാനുളള ചെറിയ പ്രവണതകൾ പോലും മുൻ കൂട്ടി തടയൽ. |

→

| | |
|---|---|
| | 2) സംരക്ഷണം: പീഡിതകൾ തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽ നിന്ന് ആശ്വാസം നേടി സ്വന്തം സമൂഹത്തിൽ തിരിച്ചെത്തുന്നതിന് ആവശ്യമായ സംരക്ഷണം നൽകൽ. അതിനായി എല്ലാ ഹോമുകളിലും അടിസ്ഥാന നിലവാരം ഉറപ്പാക്കൽ.<br><br>3)വിചാരണ: ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനായി നിയമത്തിന്റെ ശക്തമായ ഇടപെടലും നിയമം നടപ്പാക്കലും. |
| (ബി) ഇതിന്റെ നടത്തിപ്പിനായി പ്രത്യേക കോടതിയും അതിവേഗ കോടതികളും തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | (ബി) 31.5.2012 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നിർഭയയുടെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ സംസ്ഥാനത്ത് മൂന്ന് അതിവേഗ കോടതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടുണ്ട്. നിർഭയ പദ്ധതിക്കു വേണ്ടി കോർപ്പസ്സ് ഫണ്ടായി 5 കോടി രൂപ സ്വരൂപിക്കുന്നകാര്യം തത്വത്തിൽ തീരുമാനമായിട്ടുണ്ട്. പ്രാരംഭമായി സംസ്ഥാനത്ത് മൂന്ന് റിജീയൺ തലത്തിൽ ഷെൽട്ടർ ഹോം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്). |
| (സി) എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ തുടങ്ങുന്ന കാര്യം ആലോചിക്കുമോ; | (സി) പ്രാരംഭമായി സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലാ തലങ്ങളിൽ ഷെൽട്ടർ ഹോം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുമോ; | (ഡി) ജില്ലാതല കമ്മിറ്റികൾ നിർഭയ നയമനുസരിച്ച് രൂപീകരിക്കുന്നതാണ്. |

| | |
|---|---|
| (ഇ) ഈ പദ്ധതിക്കുള്ള കോർപ്പസ്സ് ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഇ) 31.5.2012 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന നിർഭയയുടെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ, നിർഭയ പദ്ധതിക്കു വേണ്ടി കോർപ്പസ്സ് ഫണ്ടായി 5 കോടി രൂപ സ്വരൂപിക്കുന്നകാര്യം സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജന്റർ & ചൈൽഡ് പ്രൊട്ടക്ഷൻ അഡ്വൈസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പരിഗണിച്ച് ഫണ്ട് രൂപീകരണത്തിന്റെ മാർഗ്ഗങ്ങൾ തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ